## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3293** — **23.06.2014- ലെ മറുപടിക്ക്**

## സംസ്ഥാനത്തെ പദ്ധതി നിർവ്വഹണ മികവ് ലോക രാഷ്ട്രങ്ങൾക്ക് മാതൃക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. കെ. മുരളീധരൻ: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണ മികവ് ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) ക്യാബിനറ്റ് സെക്രട്ടറിയേറ്റിന്റെ കീഴിലുള്ള പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷന്റെ സഹായത്തോടെ 'റിസൽട്ട് ഫ്രെയിംവർക്ക് ഡോക്യുമെന്റ് (ആർ.എഫ്.ഡി.)' 2011-12 മുതൽ സംസ്ഥാനത്ത് നിയമം, ആഭ്യന്തരം, ലജിസ്ലേച്ചർ എന്നീ വകുപ്പുകൾ ഒഴികെ ഉളള വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2013-14 മുതൽ പദ്ധതി യുമായി ബന്ധപ്പെടുത്തിയാണ് ആർ.എഫ്.ഡി. തയ്യാറാക്കുന്നത്. ഓരോ ഇനത്തിലും കൈവരി ക്കാൻ കഴിയുന്ന പരമാവധി നേട്ടം മുൻകൂട്ടി നിശ്ചയിക്കുകയും ആയത് സമയബന്ധിതമായി നേടുക എന്ന ലക്ഷ്യത്തോടെ വകുപ്പ് അദ്ധ്യക്ഷന്മാർ തയ്യാറാക്കുന്ന ആർ.എഫ്.ഡി. ക്യാബിനറ്റ് സെക്രട്ടറിയേറ്റിൽ നിന്നും നിയുക്തരാകുന്ന അഡ്ഹോക്ക് ടാസ്ക് ഫോഴ്സ് (എ.റ്റി.എഫ്.) അംഗങ്ങൾ പരിശോധിച്ച് അംഗീകരിക്കുകയും |

നിർദ്ധിഷ്ട ലക്ഷ്യം കൈവരിക്കാൻ വകുപ്പുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ വർഷവും മാർച്ച് 31 നുശേഷം വകുപ്പുകളുടെ പ്രവർത്തനം ആർ.എഫ്.ഡി.യിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വകുപ്പുകളുടെ 'കോമ്പസിറ്റ് സ്കോർ' കണക്കാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സർക്കാർ ഇതര നിഷ്പക്ഷ മേഖലയിലുള്ള വിദഗ്ദർ പരിശോധിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. കാര്യക്ഷമമായ അവലോകനം കൊണ്ട് പദ്ധതി നിർവ്വഹണത്തിലെ മികവ് കൈവരിക്കാൻ പറ്റുമെന്ന് കേരളം ലോക രാഷ്ട്രങ്ങൾക്ക് മാതൃക കാണിച്ചു.

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനുവേണ്ടി നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മുഖ്യമന്ത്രി, മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പുതലവൻമാർ എന്നിവർക്ക് പ്രയോജനമാകും വിധം ഒരു ശിൽപശാല 2011-ൽ നടത്തുകയുണ്ടായി. വകുപ്പിലെ എല്ലാ ജീവനക്കാരുടെയും, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി രേഖ അനുസരിച്ചും, അല്ലാതെയും വകുപ്പു കാഴ്ച വയ്ക്കുന്ന സേവനങ്ങളുടെ ലക്ഷ്യം നിശ്ചയിക്കുകയും (വർഷാരംഭത്തിൽ) വർഷാന്ത്യം അവ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നു. ആർ.എഫ്.ഡി. നടപ്പിലാക്കുന്നതിന് വേണ്ടി ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു

കമ്മിറ്റിയുടെയും റിസോഴ്സ് പേഴ്സണിന്റെയും സഹായം മറ്റ് വകുപ്പുകൾക്ക് ലഭിക്കുന്നതിനുള്ള ക്രമീകരണവും നടത്തുകയുണ്ടായി. പ്രവർത്തന മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഈ മാതൃക ഉന്നത നിലവാരത്തിലും, സമയ ബന്ധിതമായും എല്ലാ വകുപ്പിലും നടപ്പിലാക്കുക വഴി കേരളം ലോകശ്രദ്ധ ആകർഷിച്ചു.

(ഡി) മറ്റ് രാജ്യങ്ങൾക്ക് മാതൃകയാക്കാൻ, ഇക്കാര്യത്തിലുള്ള സർക്കാരിന്റെ പ്രവർത്തന പരിപാടികളുടെ വിശദാംശങ്ങൾ കൈമാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 2013 ഡിസംബർ 11, 12 എന്നീ തീയതികളിൽ ഡൽഹിയിൽ വച്ച് നടന്ന ഗ്ലോബൽ റൗണ്ട് ടേബിൾ സമ്മേളനത്തിൽ കനേഡിയൻ സർക്കാരിന്റെ ആർ.എഫ്.ഡി. മേഖലയിലുള്ള മാതൃകയുമായി താരതമ്യപ്പെടുത്തി കേരള ചീഫ് സെക്രട്ടറി കേരളത്തിന്റെ മാതൃക അവതരി പ്പിക്കുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത മറ്റ് രാജ്യങ്ങൾ കേരളത്തിന്റെ മാതൃകയെ പ്രകീർത്തിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ യു.എൻ.ഡി.പിയും, ലോകബാങ്കും അവരുടെ ഉന്നതല വിദഗ്ദരുടെ സമിതിയിൽ കേരളത്തിന്റെ മാതൃക അവതരിപ്പിക്കാൻ ഫെബ്രുവരി 2014-ൽ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ നടന്ന ചർച്ചയിൽ പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യുവേഷന്റെ (ആർ.എഫ്.ഡി.) വിശദാംശങ്ങൾ മറ്റ് രാഷ്ട്രങ്ങൾക്ക് മാതൃകയാക്കാൻ വേണ്ടി ആവശ്യപ്പെടുകയുണ്ടായി.

സെക്ഷൻ ഓഫീസർ.